# സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ – കുടുംബശ്രീ
# എക്സിക്യൂട്ടീവ് ഡയറക്ടറുടെ നടപടിക്രമം

**(ഹാജർ: കെ.ബി വത്സലകുമാരി)**

വിഷയം: കുടുംബശ്രീ സിഡിഎസുകളുടെ ഭരണ നിർവ്വഹണ ഗ്രാന്റ് വർദ്ധിപ്പിച്ച് ഉത്തരവാകുന്നു.

സൂചന: 1. 05/05/2008 ലെ കുടുംബശ്രീ എക്സിക്യൂട്ടീവ് കമ്മറ്റി യോഗ തീരുമാനം
2. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 26/06/2008 ലെ 1041/2007/കെഎഎസ്/എ2 നമ്പർ നടപടി ക്രമം
3. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 29/04/2009 ലെ ഇതേ നമ്പർ ഉത്തരവ്
4. 02/03/2013 ലെ കുടുംബശ്രീ എക്സിക്യൂട്ടീവ് കമ്മറ്റി യോഗത്തിലെ അജണ്ട നം.18 തീരുമാനം

**<u>ഉത്തരവ് നമ്പർ കെ.എസ്/എം/2428/08 തീയതി 21..03..2013</u>**

കുടുംബശ്രീ സിഡിഎസുകളുടെ ദൈനംദിന ഭരണ ചെലവുകളുടെ നിർവ്വഹണത്തിനും, സുഗമവും, സജീവുമായ പ്രവർത്തനത്തിനും അഡ്മിനിസ്ട്രേറ്റീവ് ഗ്രാന്റായി സാമ്പത്തിക സഹായം അനുവദിക്കുന്നതിന് സൂചന (1) ലെ കുടുംബശ്രീ എക്സിക്യൂട്ടീവ് കമ്മറ്റിയോഗം അനുമതി നൽകിയിരുന്നു. ഭരണ നിർവ്വഹണ ഗ്രാന്റിന്റെ വിതരണത്തിനും, വിനിയോഗത്തിനും അനുവർത്തിക്കേണ്ട മാർഗ്ഗ രീതിയെയും, നടപടി ക്രമങ്ങളെയും കുറിച്ച് വിശദമായ മാർഗ്ഗനിർദേശങ്ങൾ സൂചന (2) പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

ഇപ്പോൾ കുടുംബശ്രീ സി.ഡി.എസ്സുകൾക്ക് അനുവദിക്കുന്ന ഭരണ നിർവ്വഹണ ഗ്രാന്റ് സൂചന (3) ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് നിശ്ചയിച്ചിരിക്കുന്നത്. എ.ഡി.എസ്സുകളുടെയും സി.ഡി.എസ്സുകളുടെയും എണ്ണം വർദ്ധിക്കുകയും, ദൈനം ദിന ചിലവുകൾ വർദ്ധിക്കുകയും ചെയ്ത സാഹചര്യത്തിൽ ഭരണ നിർവ്വഹണ ഗ്രാന്റായി സി.ഡി.എസ്സുകൾക്ക് നൽകി വരുന്ന തുക വർദ്ധിപ്പിക്കണമെന്ന് സി.ഡി.എസ്സുകളും ജില്ലാമിഷനും അഭ്യർത്ഥിച്ചിരുന്നു.

ഈ സാഹചര്യത്തിൽ ജില്ലാമിഷനിൽ നിന്നും ലഭ്യമായ നിർദ്ദേശങ്ങളുടെ കൂടെ അടിസ്ഥാനത്തിൽ ഭരണ നിർവ്വഹണ ഗ്രാന്റായി സിഡിഎസുകൾക്ക് നൽകിവരുന്ന തുക ചുവടെ ചേർക്കുന്ന തരത്തിൽ പരിഷ്കരിക്കുന്നതിന് സൂചന (4) ലെ കുടുംബശ്രീ എക്സിക്യൂട്ടീവ് കമ്മറ്റിയോഗം അനുമതി നൽകിയിട്ടുണ്ട്.

1. 15 വാർഡുവരെയുള്ള പഞ്ചായത്തുകൾ – പ്രതിമാസം 3275/- രൂപ (മൂവായിരത്തി ഇരുനൂറ്റി എഴുപത്തിയഞ്ച് രൂപ മാത്രം)

2. 16 മുതൽ 19 വരെ വാർഡുകളുള്ള പഞ്ചായത്തുകൾ - പ്രതിമാസം 3925/- രൂപ (മൂവായിരത്തി തൊള്ളായിരത്തി ഇരുപത്തിയഞ്ച് രൂപ മാത്രം)
3. വാർഡുകളുടെ എണ്ണം 20 ഉം അതിൽ കൂടുതലുമുള്ള പഞ്ചായത്തുകൾ പ്രതിമാസം- 4425/-രൂപ (നാലായിരത്തി നാനൂറ്റി ഇരുപത്തിയഞ്ച് രൂപ മാത്രം)

ഈ സാഹചര്യത്തിൽ കുടുംബശ്രീ സിഡിഎസുകൾക്ക് ഭരണ നിർവ്വഹണ ഗ്രാന്റായി നിലവിൽ ലഭ്യമാക്കി വരുന്ന തുക ചുവടെ ചേർക്കുന്ന നിർക്കിൽ വർദ്ധിപ്പിക്കുന്നതിന് അനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. 15 വാർഡുവരെയുള്ള പഞ്ചായത്തുകൾ — പ്രതിമാസം 3275/- രൂപ (മൂവായിരത്തി ഇരുനൂറ്റി എഴുപത്തിയഞ്ച് രൂപ മാത്രം)
2. 16 മുതൽ 19 വരെ വാർഡുകളുള്ള പഞ്ചായത്തുകൾ - പ്രതിമാസം 3925/- രൂപ (മൂവായിരത്തി തൊള്ളായിരത്തി ഇരുപത്തിയഞ്ച് രൂപ മാത്രം)
3. വാർഡുകളുടെ എണ്ണം 20 ഉം അതിൽ കൂടുതലുമുള്ള പഞ്ചായത്തുകൾ പ്രതിമാസം- 4425/-രൂപ (നാലായിരത്തി നാനൂറ്റി ഇരുപത്തിയഞ്ച് രൂപ മാത്രം)

മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഓരോ സിഡിഎസിനും ഭരണ നിർവ്വഹണ ഗ്രാന്റായി നൽകാവുന്ന സാമ്പത്തിക വിശദാംശങ്ങൾ അനുബന്ധമായി നൽകിയിട്ടുണ്ട്.

ഭരണ നിർവ്വഹണ ഗ്രാന്റിന്റെ വിതരണ വിനിയോഗ മാർഗ്ഗരീതി സംബന്ധിച്ചും, സിഡിഎസുകൾ പാലിക്കേണ്ട നിബന്ധനകളെ സംബന്ധിച്ചും സൂചന (2) പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദേശങ്ങൾ തന്നെ തുടർന്നും അനുവർത്തിക്കേണ്ടതാണ്.

(ഒപ്പ്)
എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ.

1. എല്ലാ ജില്ലാമിഷൻ കോ-ഓർഡിനേറ്റർമാർക്കും,
2. അക്കൗണ്ട്സ് വിഭാഗം, സംസ്ഥാനമിഷൻ
3. എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും,
4. പിആർഒ,
5. ഇ- സെക്ഷൻ

പകർപ്പ്:
സ്റ്റോക്ക് ഫയൽ

**അംഗീകാരത്തോടെ,**

**അക്കൗണ്ട്സ് ഓഫീസർ**

**അനുബന്ധം.(ഉത്തരവ് നമ്പർ കെ.എസ്/എം/2428 തീയതി 21/03/2013**

**15 വാർഡുവരെയുള്ള പഞ്ചായത്തുകൾ**

| ഇനം | പ്രതിമാസ തുക | ത്രൈമാസ തുക |
|---|---|---|
| സ്റ്റേഷനറി | 350 | 1050 |
| തപാൽ | 75 | 225 |
| മീറ്റിംഗ് റിഫ്രെഷ്മെന്റ്സ് | 500 | 1500 |
| സിഡിഎസ് ചെയർപേഴ്സന്റെ യാത്രാബത്ത | 500 | 1500 |
| സിഡിഎസ് സബ്കമ്മറ്റി കൺവീനർമാരുടെ യാത്രാബത്ത | 800 | 2400 |
| സിഡിഎസ് ഭരണ സമിതി അംഗങ്ങളുടെ യാത്രാബത്ത | 600 | 1800 |
| സിഡിഎസ് ചെയർപേഴ്സന്റെ ടെലഫോൺ ചാർജ്ജ് | 250 | 750 |
| മറ്റ് ഇനങ്ങൾ | 200 | 600 |
| **ആകെ** | **3275** | **9825** |
| **ആകെ തുക (വാർഷികം)** | | **39300** |

**16 മുതൽ 19 വരെ വാർഡുള്ള പഞ്ചായത്തുകൾ**

| ഇനം | പ്രതിമാസ തുക | ത്രൈമാസ തുക |
|---|---|---|
| സ്റ്റേഷനറി | 350 | 1050 |
| തപാൽ | 75 | 225 |
| മീറ്റിംഗ് റിഫ്രെഷ്മെന്റ്സ് | 600 | 1800 |
| സിഡിഎസ് ചെയർപേഴ്സന്റെ യാത്രാബത്ത | 550 | 1650 |
| സിഡിഎസ് സബ്കമ്മറ്റി കൺവീനർമാരുടെ യാത്രാബത്ത | 800 | 2400 |
| സിഡിഎസ് ഭരണ സമിതി അംഗങ്ങളുടെ യാത്രാബത്ത | 1100 | 3300 |
| സിഡിഎസ് ചെയർപേഴ്സന്റെ ടെലഫോൺ ചാർജ്ജ് | 250 | 750 |
| മറ്റ് ഇനങ്ങൾ | 200 | 600 |
| **ആകെ** | **3925** | **11775** |
| **ആകെ തുക (വാർഷികം)** | | **47100** |

**വാർഡുകളുടെ എണ്ണം 20 ഉം അതിൽ കൂടുതലുമുള്ള പഞ്ചായത്തുകൾ**

| ഇനം | പ്രതിമാസ തുക | ത്രൈമാസ തുക |
|---|---|---|
| സ്റ്റേഷനറി | 350 | 1050 |
| തപാൽ | 125 | 375 |
| മീറ്റിംഗ് റിഫ്രെഷ്മെന്റ്സ് | 650 | 1950 |
| സിഡിഎസ് ചെയർപേഴ്സന്റെ യാത്രാബത്ത | 550 | 1650 |
| സിഡിഎസ് സബ്കമ്മറ്റി കൺവീനർമാരുടെ യാത്രാബത്ത | 800 | 2400 |
| സിഡിഎസ് ഭരണ സമിതി അംഗങ്ങളുടെ യാത്രാബത്ത | 1500 | 4500 |
| സിഡിഎസ് ചെയർപേഴ്സന്റെ ടെലഫോൺ ചാർജ്ജ് | 250 | 750 |
| മറ്റ് ഇനങ്ങൾ | 200 | 600 |
| **ആകെ** | **4425** | **13275** |
| **ആകെ തുക (വാർഷികം)** | | **53100** |